ഉത്തരം

കാലാകാലങ്ങളിൽ ഉണ്ടാകുന്ന, പി. എസ്. സി. മുഖേന നിയമനം നടത്തേണ്ട ഒഴിവുകൾ യഥാസമയം പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന കർശന നിർദ്ദേശം നിലവിലുണ്ട്. കൂടാതെ റിപ്പോർട്ട് ചെയ്യുന്ന ഒഴിവിലേക്ക് പി.എസ്.സി. വൈകാതെ നിയമനം നടത്താറുണ്ട്.

ജല അതോറിറ്റിയിൽ ലാസ്കർ തസ്തികയിൽ നിയമനം

95 [2584] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ജല അതോറിറ്റിയിൽ ലാസ്കർ തസ്തികയിൽ നിയമനം നൽകുന്നതിന് പി. എസ്. സി.-യിൽ നിന്നും അഡ്വൈസ് മെമ്മോ അയച്ചതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആർക്കൊക്കെ എപ്പോഴാണ് മെമ്മോ അയച്ചതെന്ന് വ്യക്തമാക്കാമോ;

(സി) നിയമന കാലാവധി അവസാനിച്ചുവോ എന്നും ഇല്ലെങ്കിൽ എപ്പോൾ നിയമനം നടക്കുമെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മറുപടി ഉൾപ്പെടുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) നിയമന കാലാവധി കഴിഞ്ഞിട്ടില്ല. വാട്ടർ അതോറിറ്റി റിപ്പോർട്ട് ചെയ്ത ഒഴിവുകളേക്കാൾ കൂടുതലായി അഞ്ച് ഉദ്യോഗാർത്ഥികളെകൂടി പി. എസ്. സി. വാട്ടർ അതോറിറ്റിയിലേക്ക് അഡ്വൈസ് ചെയ്തിട്ടുണ്ട്. ഇവർക്കു നിയമനം നൽകാൻ ഇപ്പോൾ ജല അതോറിറ്റിയിൽ ഒഴിവുകളൊന്നുമില്ല. മറ്റുള്ളവർക്ക് നിയമനം നൽകിയിട്ടുണ്ട്.

വിനോദ നികുതിയിൽ നൽകാനുള്ള കുടിശ്ശിക

96 [2585] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അമ്യൂസ്മെന്റ് പാർക്കുകൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത അമ്യൂസ്മെന്റ് പാർക്കുകളിൽ നിന്നും ഏതെല്ലാം തരത്തിലുള്ള നികുതികളാണ് പിരിക്കുന്നത് എന്ന് അറിയിക്കാമോ;

(സി) വിനോദ നികുതിയിനത്തിൽ പിരിക്കുന്ന തുക യഥാസമയം പഞ്ചായത്തുകൾക്ക് നൽകുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അമ്യൂസ്മെന്റ് പാർക്കുകൾ ഓരോന്നും വിനോദ നികുതിയിനത്തിലും മറ്റും എന്തുതുക വീതം കുടിശ്ശിക വരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) നാല്.

(ബി) വിനോദ നികുതിയും പ്രദർശന നികുതിയും.

(സി) ഉണ്ട്.

(ഡി) എറണാകുളം ജില്ലയിലെ കുന്നത്തുനാട് ഗ്രാമപഞ്ചായത്തിലുള്ള വീഗാലാന്റ് 4-4-2000 മുതൽ 31-3-2003 വരെ വിനോദ നികുതിയിനത്തിൽ 8,50,20,957 രൂപയും പ്രദർശന നികുതിയിനത്തിൽ 4141 രൂപയും ഉൾപ്പെടെ 8,50,25,098 രൂപ കുടിശ്ശിക വരുത്തിയിട്ടുണ്ട്. വീഗാലാന്റിൽനിന്നും നികുതി ഈടാക്കുന്നത് ബഹു. ഹൈക്കോടതിയുടെ 11-7-2003-ലെ വിധിന്യായ പ്രകാരം നിരോധിച്ച് ഉത്തരവായിട്ടുള്ളതിനാൽ വിനോദ നികുതി ഈടാക്കാൻ കഴിയുന്നില്ല. ഇതിനെതിരെ സംസ്ഥാന സർക്കാർ സുപ്രീംകോടതിയെ സമീപിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമപഞ്ചായത്തിലെ ഫാന്റസി പാർക്കിൽ 20-10-2001 മുതൽ 31-4-2004 വരെ 48,95,432 രൂപ വിനോദനികുതിയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിലെ ആതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ സിൽവർസ്റ്റോം പാർക്കിൽ 1-4-2003 മുതൽ 30-6-2004 വരെ 3,20,000 രൂപയും വിനോദ നികുതിയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുണ്ട്.

പ്ലാൻ ഫണ്ട് വിനിയോഗത്തിന് ബിൽ സമ്പ്രദായം

97 [2586] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്ലാൻ ഫണ്ട് വിനിയോഗത്തിന് ബിൽ സമ്പ്രദായം ഏർപ്പെടുത്തുവാൻ സർക്കാർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ എന്നു മുതൽക്കാണ് ഈ സമ്പ്രദായം നിലവിൽ വരുന്നത്; ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതുഫണ്ട് കൈകാര്യം ചെയ്യുന്നതിനും ബിൽ സമ്പ്രദായം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത രീതി കൈകാര്യം ചെയ്യുന്നതിന് ഉദ്യോഗസ്ഥൻമാർക്ക് വേണ്ടത്ര പരിശീലനം നൽകിയിട്ടുണ്ടോ;

(ഡി) പരിമിതമായ ജീവനക്കാരുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വർദ്ധിച്ച ജോലി ഭാരത്താൽ ജീവനക്കാർ ബുദ്ധിമുട്ടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly